## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 356** — **18-07-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ലഭിച്ച വായ്പകൾ ഓഫ് ബജറ്റ് ആയി തരംതിരിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ 2022 ജൂൺ 10-ന് കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം പിൻവലിക്കുവാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതിലുപരിയായി കമ്പനി രൂപീകരിച്ച 20.06.2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. –യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10.06.2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കു ശേഷം മാത്രം 03.07.2022 –ലെ സ.ഉ.(സാധാ.) നം. 4833/22/ ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനു വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.എസ്.പി.എൽ. രൂപീകരണം സംബന്ധിച്ച 2018-ലെ ഉത്തരവിൽ കമ്പനിയുടെ തിരിച്ചടവ് ബാധ്യതകൾ സർക്കാർ വഹിക്കുമെന്ന് പ്രതിപാദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | പ്രതിപാദിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | 52 ലക്ഷം ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പെൻഷൻ വിതരണം കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം പിൻവലിക്കുന്ന സർക്കാർ നടപടി മൂലം പ്രതിസന്ധിയിലാകും എന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതിനുപരിയായി കമ്പനി രൂപീകരിച്ച 20.06.2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. –യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10.06.2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കു ശേഷം മാത്രം 03.07.2022 –ലെ സ.ഉ.(സാധാ.) നം. 4833/22/ ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനു വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ